"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ്- പോലീസ് ജീവനക്കാര്യം - ഡോ.ഷെറീഫ ഇ.പി, അസിസ്റ്റന്റ് സർജൻ, പ്രൈമറി ഹെൽത്ത് സെന്റർ, മലപ്പുറം - മലപ്പുറം എം.എസ്.പി ആശുപത്രിയിൽ അനുവദിച്ച അന്യത്ര സേവനം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

ആഭ്യന്തര(കെ)വകുപ്പ്

സ.ഉ.(സാധാ) നം.3038/2021/ആഭ്യന്തരം — തീയതി,തിരുവനന്തപുരം, 01/11/2021

പരാമർശം:-

1. 10.05.2013 ലെ 42/2013/ധന. നം. സർക്കുലർ.
2. സ.ഉ.(പി.)നം.580/2013/ധന. ,തീയതി 28.11.2013
3. സ.ഉ.(സാധാ)നം.2632/2016/ആഭ്യന്തരം, തീയതി 25.08.2016
4. സ.ഉ.(സാധാ)നം.2679/2017/ആഭ്യന്തരം, തീയതി 12.10.2017
5. സ.ഉ.(സാധാ)നം.2687/2018/ആഭ്യന്തരം, തീയതി.17.09.2018
6. സ.ഉ.(സാധാ)നം.2535/2019/ആഭ്യന്തരം,തീയതി 23.09.2019
7. സ.ഉ.(സാധാ)നം.2271/2020/ആഭ്യന്തരം,തീയതി 09.10.2020
8. സംസ്ഥാന പോലീസ് മേധാവിയുടെ 28.07.2021, 04.10.2021 തീയതികളിലെ എ5-93510/2020/പി.എച്ച്.ക്യൂ നമ്പർ കത്തുകൾ
9. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.09.2021 ലെ ഇ.എ6-67015/2021/അ.വ.ഡ നം. നിരാക്ഷേപ പത്രം.

<u>ഉത്തരവ്</u>

മലപ്പുറം പ്രൈമറി ഹെൽത്ത് സെന്ററിലെ അസിസ്റ്റന്റ് സർജൻ ആയിരുന്ന ഡോ.ഷെറീഫ ഇ.പി-ക്ക് പരാമർശം(3)മുതൽ (7) വരെയുള്ള ഉത്തരവുകൾ പ്രകാരം മലപ്പുറം എം.എസ്.പി ആശുപത്രിയിൽ അനുവദിച്ച അന്യത്രസേവന കാലാവധി 02.09.2021 ൽ അവസാനിച്ചിരുന്നു. മലപ്പുറം പോലീസ് ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള രണ്ട് മെഡിക്കൽ ഓഫീസറുടെ തസ്തികയിൽ ഒരെണ്ണം വർഷങ്ങളായി ഒഴിഞ്ഞുകിടക്കുകയാണെന്നും, ഇപ്പോഴത്തെ കോവിഡ് മഹാമാരി കണക്കിലെടുത്തും പോലീസ് ട്രെയിനിംഗ് നടന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും, ടി ആശുപത്രിയിലെ ഡോക്ടറുടെ അഭാവം ആശുപത്രിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നുള്ളതിനാൽ ഇപ്പോൾ സേവനമനുഷ്ഠിക്കുന്ന ഡോ.ഷെറീഫ ഇ.പി-യുടെ അന്യത്രസേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടിയോ, അടുത്തൊരാൾക്ക് നിയമനം ലഭിക്കുന്നതുവരെയോ ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (8) പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം പ്രൈമറി ഹെൽത്ത് സെന്ററിലെ അസിസ്റ്റന്റ് സർജൻ ഡോ.ഷെറീഫ ഇ.പി-ക്ക് പരാമർശം(7) പ്രകാരം മലപ്പുറം എം.എസ്.പി ആശുപത്രിയിൽ ദീർഘിപ്പിച്ചു നൽകിയ അന്യത്രസേവന കാലാവധി പരാമർശം(1)ലെ സർക്കുലറിലേയും പരാമർശം(2)ലെ ഉത്തരവിലേയും നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 6 മാസത്തേക്കോ, പുതിയ ഒരാളെ നിയമിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ എന്ന

വ്യവസ്ഥയിലും, ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

3. അന്യത്ര സേവന കാലാവധിക്കുള്ളിൽ ടിയാൾക്ക് പ്രൊമോഷൻ ലഭിക്കുകയാണെങ്കിലോ കാലാവധിക്ക് ശേഷം അന്യത്ര സേവനം ദീർഘിപ്പിച്ച് സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ലായെങ്കിലോ ഡോ.ഷെറീഫ ഇ.പി. അന്യത്രസേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരള സർവ്വീസ് ചട്ടങ്ങൾ പാർട്ട് 1 ലെ ചട്ടം 140(സി) പ്രകാരം ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും, അനുമതിയില്ലാതെ തുടരുന്ന കാലയളവ് പെൻഷൻ, വാർഷികവേതന വർദ്ധനവ് എന്നിവയ്ക്ക് പരിഗണിക്കുന്നതല്ലായെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Subhashini Thankachy P
അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ& ഇ/ഓഡിറ്റ്) തിരുവനന്തപുരം
കമാന്റന്റ്, എം.എസ്.പി ബറ്റാലിയൻ, മലപ്പുറം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ.ഷെറീഫ ഇ.പി, എം.എസ്.പി ആശുപത്രി,മലപ്പുറം

ഉത്തരവിൻ പ്രകാരം

Signed by Hamid T K
Date: 01-11-2021 14:05:33
സെക്ഷൻ ഓഫീസർ
Reason: Approved

മേലെഴുത്ത് നമ്പർ ഇ.എ6 – 67015/2021/ആ.വ.ഡ തീയതി 5/11/2021.
അറിവിലേക്കും അനന്തര നടപടിയ്ക്കുമായി
പ്രസിദ്ധീകരിക്കുന്നു.

5/11/21

To
ഡോ. ഷെറീഫ. ഇ.പി.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

പകർപ്പ്
മെഡിക്കൽ ഓഫീസർ
എഫ്.എച്ച്.സി. മുണ്ടേരി, കണ്ണൂർ.

5/11